KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: info.pol@kerala.gov.in

No.151/PR/PIC/PHQ/14 Date : 03.07.2014

## റോഡപകടങ്ങളിൽ മരണ നിരക്ക് കുറയ്ക്കാൻ പോലീസിന്റെ

## 'സ്മൈൽ' പദ്ധതി- ഉദ്ഘാടനം ഏഴിന്

സംസ്ഥാനത്ത് റോഡപകടങ്ങൾക്കിരയാവുന്നവർക്ക് പ്രഥമശുശ്രൂഷയും അടിയന്തര വൈദ്യസഹായവും കൂടുതൽ ഫലപ്രദമായി ലഭ്യമാക്കുന്നതിന് സംസ്ഥാന പോലീസ് പദ്ധതി ആവിഷ്കരിച്ചു. ട്രാഫിക് പോലീസിനും ഹൈവെകളിലുള്ള ലോക്കൽ പോലീസിനും പ്രഥമശുശ്രൂഷയിൽ സവിശേഷ പരിശീലനവും അവശ്യംവേണ്ട ഉപകരണങ്ങളും നൽകി അപകടങ്ങളിൽ അടിയന്തര ഇടപെടൽ ഉറപ്പുവരുത്തുക എന്നതാണ് 'സീംലെസ്സ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ്കെയർ & എമർജൻസി' എന്ന ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുടെ നിർദ്ദേശപ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുള്ള 'സ്മൈൽ' പദ്ധതിയുടെ ഉദ്ഘാടനവും ട്രാഫിക് പോലീസിനുള്ള ട്രോമ കെയർ പരിശീലനവും ഈ മാസം ഏഴിന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യും.

ലോകത്തിൽ ആകെ വാഹനങ്ങളുടെ ഒരു ശതമാനം മാത്രമുള്ള ഇന്ത്യയിലാണ് ആകെ റോഡപകടങ്ങളുടെ ആറുശതമാനവും നടക്കുന്നത്. ഇന്ത്യയിൽ വാഹനാപകടങ്ങളുടെ നിരക്ക് കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2013-ൽ 35215 റോഡപകടങ്ങളിലായി 4258 പേർ മരണപ്പെടുകയും 25281 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. അപകടങ്ങൾക്കിരയാവുന്നവർക്ക് വൈദ്യസഹായം നൽകുന്നതിന് നാലു ഘട്ടങ്ങളുണ്ട്. ആശുപത്രിയിൽ എത്തിക്കുന്നതിന് മുൻപുള്ള ശുശ്രൂഷയാണ് ഒരു ഘട്ടം. ആശുപത്രിയിലുള്ള ശസ്ത്രക്രിയേതര ചികിത്സകൾ, വിദഗ്ധ ഡോക്ടർമാർ നൽകുന്ന ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ, സ്പെഷ്യലിസ്റ്റ് ട്രോമകെയർ ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സ എന്നിവയാണ് തുടർന്നുള്ള ഘട്ടങ്ങൾ. ഇതിൽ ആശുപത്രിയിലെത്തിക്കുന്നതിനു മുൻപുള്ള അടിയന്തര ഇടപെടലും പ്രഥമ ശുശ്രൂഷയുമാണ് രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനും പരിക്കുകളുടെ കാഠിന്യം കുറയ്ക്കുന്നതിനും അത്യാവശ്യം. 'ഡയമണ്ട് അവർ' എന്നറിയപ്പെടുന്ന, അപകടം നടന്ന് ആദ്യത്തെ ഒരു മണിക്കൂറിൽ പരിക്കേറ്റയാളിന് കിട്ടുന്ന പരിചരണവും ചികിത്സയും ഏറെ പ്രധാനമാണ്. കേരളത്തിൽ പലപ്പോഴും പരിശീലനത്തിന്റെയും അടിയന്തര ഉപകരണങ്ങളുടെയും വാഹന ലഭ്യതയുടെയും മറ്റും അഭാവത്തിൽ

ഈ ഘട്ടത്തിലെ പിഴവുകൾ കൊണ്ട് നിരവധി ജീവനുകൾ പൊലിയുന്നുണ്ട്. ഈ വസ്തുത കണക്കിലെടുത്താണ് 'സ്മൈൽ പദ്ധതി' ആവിഷ്കരിച്ചത്. സംസ്ഥാന ആരോഗ്യവകുപ്പുമായി ചേർന്ന് ഹൈവേ പോലീസിനും ട്രാഫിക് പോലീസിനും ട്രോമ കെയർ പരിശീലനവും വാഹനങ്ങളിൽ അത്യാവശ്യം വേണ്ട അടിയന്തര ഉപകരണങ്ങളും നൽകുകവഴി ആശുപത്രിയിലെത്തിക്കുന്നതിന് മുൻപുള്ള ആദ്യ മണിക്കൂറുകളിൽ അപകടങ്ങൾക്കിരയാവുന്നവർക്ക് ലഭിക്കുന്ന പരിചരണം മെച്ച പ്പെടുത്തി മരണ നിരക്കുകളും പരിക്കുകളും കുറയ്ക്കാനാകുമെന്നാണ് വിലയിരുത്തൽ.

തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ ഏഴിന് രാവിലെ എട്ടുമണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷത വഹിക്കും. ആരോഗ്യവകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ മുഖ്യപ്രഭാഷണവും മേയർ കെ.ചന്ദ്രിക വിശേഷാൽ പ്രസംഗവും നടത്തും. സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ സ്വാഗതം ആശംസിക്കും. എ.ഡി.ജി.പിമാരായ എം.എൻ കൃഷ്ണമൂർത്തി, ആർ.ശ്രീലേഖ, ആരോഗ്യവകുപ്പ് സെക്രട്ടറി ഡോ.ഇളങ്കോവൻ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ.വി.ഗീത, ആരോഗ്യ വകുപ്പ് ഡയറക്ടർ പി.കെ ജമീല, സിറ്റി പോലീസ് കമ്മീഷണർ എച്ച്.വെങ്കിടേഷ് എന്നിവർ പങ്കെടുക്കും.

**********